"ഭരണഭാഷ മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇന്ത്യൻ കമ്പനി നിയമപ്രകാരം അംഗമാക്കപ്പെട്ടത്)
CIN: U40100KL2011SGC027424

ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) കാര്യാലയം
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം–695 004. കേരള
ടെലിഫോൺ നം. : 91-471-2448948
ഫാക്സ് : 91-471-2441361
ഇ-മെയിൽ : cehrm@kseb.in
വെബ് സൈറ്റ് : www.kseb.in.

നമ്പർ:ഇ.ബി.7/ജനറൽ/അവശത അവധി/നിർദ്ദേശങ്ങൾ/2021 തീയതി: 25.02.2021

## എല്ലാ എ.ആർ.യു മേധാവികൾ, കെ.എസ്.ഇ.ബി ലിമിറ്റഡിനുള്ള കുറിപ്പ്

വിഷയം : എസ്റ്റാബ്ലിഷ്മെന്റ് - പ്രത്യേക അവശത അവധി - നിർദ്ദേശങ്ങൾ - അറിയിക്കുന്നതുമായി ബന്ധപ്പെട്ട് - സംബന്ധിച്ച്.

സൂചന : (1) ബോർഡ് ഉത്തരവ് (എഫ്.റ്റി.സി) നമ്പർ 264/219 (എസ്റ്റാ:I/25/2018) തീയതി, തിരുവനന്തപുരം, 19.03.2019.
(2) സെക്രട്ടറി (ഭരണ നിർവ്വഹണം)-യുടെ 12.06.201-ലുള്ള (എസ്റ്റാ:I/25/2018) നമ്പർ കുറിപ്പ്.

ഒരാളുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലോ ഔദ്യോഗിക സ്ഥിതിയുടെ ഫലമായോ സംഭവിച്ച ക്ഷതത്താൽ അവശതയുള്ള ഒരു ഉദ്യോഗസ്ഥന് കെ.എസ്.ആർ ഭാഗം ഒന്നിലെ ചട്ടം 97, 98-നും നിലവിലെ സർക്കാർ ഉത്തരവുകൾക്കും പരിപത്രങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായി അനുവദിച്ചു നൽകുന്ന അവധിയാണ് പ്രത്യേക അവശത അവധി (Special Disability Leave).

ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) ആണ് കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിലുള്ള ഓഫീസർമാരുടെ അധികാര വികേന്ദ്രീകരണം അനുസരിച്ച് പ്രത്യേക അവശത അവധി അനുവദിക്കുന്ന അധികാരി. എന്നാൽ പ്രത്യേക അവശത അവധിയുമായി ബന്ധപ്പെട്ട വിവിധ ആവശ്യ രേഖകൾ കൃത്യമായും, വ്യവസ്ഥാപിതമായും തയ്യാറാക്കി കാലവിളംബം കൂടാതെ ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം)-ക്ക് ലഭ്യമാക്കേണ്ടത് അതാത് എ.ആർ.യു മേധാവികളാണ്. പക്ഷേ, പലപ്പോഴും, എ.ആർ.യു കാര്യാലയങ്ങളിൽ നിന്നും വൈകി അയച്ചു തരുന്നതുകൊണ്ടും, നിർദ്ദിഷ്ട രൂപത്തിൽ രേഖകൾ തയ്യാറാക്കാതെ അയച്ചുതരുന്നതുകൊണ്ടും പ്രത്യേക അവശത അവധി അനുവദിക്കുന്നതിൽ കാലവിളംബം ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്, അപകടത്തെ തുടർന്ന് അവശത അനുഭവിക്കുന്ന ജീവനക്കാരന് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാനായി സൂചന (1)-ൽ ചില മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ, സൂചന (2)-ലെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, താങ്കളുടെ അറിവിലേക്കും കൃത്യമായി അനുധാവനം ചെയ്യുന്നതിലേക്കുമായി ചുവടെ വിശദമാക്കുന്നു.

1) ജീവനക്കാർ സമർപ്പിക്കുന്ന പ്രത്യേക അവശത അവധി അപേക്ഷകൾ ബന്ധപ്പെട്ട നിർദ്ദിഷ്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം, താൽക്കാലികമായി അവധി അനുവദിക്കുക.

2) താൽക്കാലികമായി പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവായ ശേഷം അവധി അന്തിമമായി അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) കാര്യാലയത്തിലേക്ക് അയച്ചുതരിക.

3) പ്രത്യേക അവശത അവധി അപേക്ഷ ഈ കാര്യാലയത്തിലേക്ക് അയച്ചു തരുമ്പോൾ താഴെ പറയുന്ന രേഖകൾ നിർബന്ധമായും അതോടൊപ്പം ഉണ്ടാകേണ്ടതാണ്.

(i) സബ് എഞ്ചിനീയറോ, അതിനു മുകളിലുള്ള ഒരു ഓഫീസറോ തയ്യാറാക്കി, രണ്ട് ദൃസാക്ഷികൾ ഒപ്പിട്ട കൃത്യ സ്ഥല മഹസ്സർ.

(ii) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ വിശദമായ ആക്സിഡന്റ് റിപ്പോർട്ട്.

(iii) അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ഫോം 'എ' റിപ്പോർട്ട്.

(iv) റോഡ് അപകടമാണെങ്കിൽ, പൊലീസ് ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, ഫോം 'എ' റിപ്പോർട്ടിനു പകരം പൊലീസ് തയ്യാറാക്കിയ പ്രഥമ വിവര റിപ്പോർട്ടിന്റെ (എഫ്.ഐ.ആർ) പകർപ്പ് ആണ് അയക്കേണ്ടത്.

(v) ഫോം നമ്പർ 13-ൽ ഉള്ള അവധി അപേക്ഷ (എ.ആർ.യു മേധാവി ഇത് നിർബന്ധമായും ഒപ്പിട്ട് ശുപാർശ ചെയ്തിരിക്കണം).

(vi) കെ.എസ്.ആർ ചട്ടം 117 പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.

(vii) അവധി കഴിഞ്ഞ്, ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് കെ.എസ്.ആർ ചട്ടം 71 പ്രകാരമുള്ള 'ഫിറ്റ്നസ് സർട്ടിഫിക്കറ്റ്' അയച്ചു തരേണ്ടതാണ്.

((ii) മുതൽ (iv) വരെയുള്ള രേഖകളുടെ പകർപ്പ് എ.ആർ.യു തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
(v) മുതൽ (vii) വരെയുള്ള രേഖകളുടെ അസ്സൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്).

4) നിർദ്ദേശം 3-ൽ പ്രസ്താവിച്ചിരിക്കും പ്രകാരം പ്രത്യേക അവശത അവധി താൽക്കാലികമായി അനുവദിച്ച ശേഷം നിർദ്ദിഷ്ട രേഖകളോടൊപ്പം അപേക്ഷ, അപകടം നടന്ന് 15 ദിവസങ്ങൾക്കകം അന്തിമമായി അനുവദിക്കുന്നതിനുവേണ്ടി ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്.

5) കേരള സർവ്വീസ് റൂൾസ് ഭാഗം-I, റൂൾ-97 & 98-ൽ അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ അപകടങ്ങൾക്കും പ്രത്യേക അവശത അവധി നിർദ്ദിഷ്ട രീതിയിൽ അനുവദിക്കാവുന്നതാണ്.

6) കേരള സർവ്വീസ് റൂൾസ് ഭാഗം-I, റൂൾ-76-ൽ അനുശാസിക്കും പ്രകാരം ഒരിക്കൽ അനുവദിച്ച ആർജ്ജിത അവധി (Earned Leave) പ്രത്യേക അവശത അവധിയായി പരിവർത്തനം ചെയ്യാൻ പാടില്ലാത്തതാകുന്നു.

7) നിർദ്ദേശം 4-ൽ പ്രസ്താവിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ പ്രത്യേക അവശത അവധി അപേക്ഷയും അനുബന്ധ രേഖകളും എ.ആർ.യു-വിൽ നിന്നും ഈ കാര്യാലയത്തിലേക്ക് അയച്ചുതരാതിരിക്കുന്ന അവസ്ഥയിൽ, ജീവനക്കാരന്റെ ശമ്പളം തടസ്സപ്പെടുകയോ, പ്രത്യേക അവശത അവധി അനുവദിക്കുന്നതിൽ തടസ്സമുണ്ടാകുകയോ ഉൾപ്പെടെയുള്ള എല്ലാവിധ പ്രശ്നങ്ങളുടേയും പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട എ.ആർ.യു മേലധികാരിക്കായിരിക്കും.

ചീഫ് എഞ്ചിനീയർ
(മാനവ വിഭവശേഷി നിർവ്വഹണം)

ആർ.എൽ.63